ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം.

നംമ്പർ ഇ.എക്സ് **IX-1-/12376**/എച്ച്.എസ്.ഇ/**2009** തീയതി **: 31/ 12/2009**

## സർക്കുലർ

## ഹയർ സെക്കന്ററി – പരീക്ഷാബില്ലുകൾ തീർപ്പാക്കൽ സംബന്ധിച്ച്

2009 ജൂൺ മാസം മുതൽ 2009 ഡിസംബർ മാസം വരെ ഡയറക്ടറേറ്റിൽ വച്ച് അദാലത്തു വഴി 2008 വർഷം വരെയുള്ള പരീക്ഷാബില്ലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ താഴെപ്പറയുന്ന തുടർ നടപടികളും സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു.

1. പരീക്ഷാബില്ലുകളുടെ ന്യൂനത പരിഹരിക്കുന്നതിനായി മെമ്മോ ലഭിച്ചിട്ടുള്ളവർ എത്രയും വേഗം ന്യൂനത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
2. ബില്ലുകൾ സെറ്റിൽ ചെയ്ത് ബാക്കി തുകയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള ബില്ലുകൾ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മൻപു തന്നെ ട്രഷറിയിൽ ഹാജരാക്കി അഡ്വാൻസ് സെറ്റിൽ ചെയ്യേണ്ടതാണ്.
3. അനുവദിച്ച അഡ്വാൻസ് തുക അധികമായതിനാൽ ഈ തുക ട്രഷറിയിൽ തിരികെ അടച്ചതുപ്രകാരം സെറ്റിൽമെന്റ് ഉത്തരവു നൽകിയിട്ടുള്ളതിനും TR-59 ബില്ലും നടപടിക്രമവും ട്രഷറിയിൽ സമർപ്പിച്ച് ട്രഷറിയുടെ കണക്കിൽ അഡ്വാൻസ് സെറ്റിൽ ചെയ്യേണ്ടതാണ്.
4. ഏതെങ്കിലും വർഷത്തെ ബില്ലുമായി ബന്ധപ്പെട്ട റിക്കാർഡുകളുടെ അഭാവം മൂലം സെറ്റിൽ ചെയ്തിട്ടുണ്ടോ എന്ന് സംശയം അവശേഷിക്കുന്നുണ്ടെങ്കിൽ തങ്ങൾ ഇടപാടു നടത്തുന്ന ട്രഷറിയുമായി ബന്ധപ്പെട്ട് ട്രഷറികണക്കിൽ അഡ്വാൻസ് സെറ്റിൽ ചെയ്യാതെ ബാക്കിനിൽക്കുന്നുണ്ടോ എന്നു മനസ്സിലാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഡയറക്ടറേറ്റുമായി ബന്ധപ്പെടേണ്ടതാണ്.
5. 2008 വർഷം വരെയുള്ള പരീക്ഷാബില്ലുകൾക്കായി ഇനി അദാലത്തു നടത്തുന്നതല്ല. അദാലത്തിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടോ മറ്റു കാരണങ്ങളാലോ ഏതെങ്കിലും ബില്ലുകൾ സെറ്റിൽ ചെയ്യുവാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ ആയത് സെറ്റിൽ ചെയ്യുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
**ഡയറക്ടർ**